പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5490 27-03-2018 ലെ മറുപടിക്ക്

## നാണ്യവിളകളുടെ ഇറക്കുമതി നയം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അടൂർ പ്രകാശ്<br>" വി.പി. സജീന്ദ്രൻ | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) നാണ്യവിളകളുടെ ഇറക്കുമതി നയം പുന: പരിശോധിക്കണമെന്നും സംസ്ഥാനത്തെ നാണ്യ വിളകളെ സംരക്ഷണ പട്ടികയിൽ ഉൾപ്പെടുത്തണ മെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; | (എ). ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതിന്മേലുള്ള കേന്ദ്ര പ്രതികരണം വെളിപ്പെടുത്തുമോ ? | (ബി) കേരളത്തിന്റെ തനതായ നാണ്യവിളകൾ ആസിയാൻ വാണിജ്യ കരാറിൽ എക്സ്ക്ലൂഷൻ ലിസ്റ്റ് അഥവാ ഒഴിവാക്കപ്പെട്ട പട്ടികയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കരാറിൽ യാതൊരുവിധ പ്രത്യേക ആനുകൂല്യങ്ങളും നൽകാത്തവയാണ് ഒഴിവാക്കപ്പെട്ട പട്ടിക എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. സ്വാഭാവിക റബ്ബർ, വെളിച്ചെണ്ണ, കൊപ്ര തുടങ്ങിയവ ഈ പട്ടികയിൽപ്പെട്ടും. സമുദ്രോൽപ്പന്നങ്ങൾ പാൽ, കശുവണ്ടി, കോഫി, തേയില, കുരുമുളക് തുടങ്ങിയവ ആസിയാൻ കരാറിൽ സെൻസിറ്റീവ് ലിസ്റ്റിൽ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉൽപ്പന്നങ്ങളുടെ ഇറക്കുമതി തീരുവ മിതമായ രീതിയിൽ കുറയ്ക്കുവാൻ വ്യവസ്ഥയുണ്ട്.<br>ഇറക്കുമതി സംബന്ധിച്ച് കേരളം ഉൾപ്പെടെയുള്ള പദ്ധതി പങ്കാളികളുടെ അഭിപ്രായങ്ങൾ ശേഖരിക്കാറു |

ണ്ടെന്നും കേരളത്തിന് പ്രത്യേക താല്പര്യമുള്ള വിളകളുടെ ഇറക്കുമതി സംബന്ധിച്ച നിരീക്ഷണം നടത്താറുണ്ടെന്നും കേന്ദ്ര വാണിജ്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ നിവേദനത്തെ തുടർന്ന് കുരുമുളകിന്റെ കുറഞ്ഞ ഇറക്കുമതി വില 500 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള സർക്കാർ നിരവധി നിവേദനങ്ങൾ കേന്ദ്ര സർക്കാരിന് നൽകുകയും സമ്മർദ്ദം ചെലുത്തുകയും ചെയ്തതിനെ തുടർന്ന് റബ്ബർ മേഖലയിൽ ആവശ്യമായ ഹ്രസ്വകാല, ദീർഘകാല ഇടപെടലുകൾ പഠിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി കേരള ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും ത്രിപുര ചീഫ് സെക്രട്ടറി സഹ അദ്ധ്യക്ഷനായും, പ്ലാന്റേഷൻ ഡയറക്ടർ, കേന്ദ്ര ജോയിന്റ് സെക്രട്ടറി, കേരള, ത്രിപുര സംസ്ഥാന കൃഷി വകുപ്പുകളുടെ പ്രതിനിധികൾ അംഗങ്ങളായും, റബ്ബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ കൺവീനറായും ഒരു ടാസ്ക് ഫോഴ്സ് (Task force) രൂപീകരിക്കുകയും ആയതിന്റെ ആദ്യയോഗം 23/3/2018 ന് തിരുവനന്തപുരത്ത് ചേരുകയും ചെയ്തിട്ടുണ്ട്.

അണ്ടർ സെക്രട്ടറി